**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് - മുൻ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടർ സമർപ്പിച്ച O.A. No. 2706/13 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 20/12/2013-ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്**

സ.ഉ.(സാധാ). നം. 1492/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 11/06/2014

പരാമർശം:-

1) പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 24/06/1998-ലെ II(1) നമ്പർ തീരുമാനം.
2) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടർ സമർപ്പിച്ച 05/10/2013-ലെ അപ്പീൽ ഹർജി.
3) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സി. അലക്സാണ്ടർ സമർപ്പിച്ച O.A. No. 2706/13 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 20/12/2013-ലെ വിധിന്യായം
4) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 05/03/2014-ലെ എൽ.എഫ്. 20416/എസ്1/2013 നമ്പർ കത്ത്.
5) പഞ്ചായത്ത് ഡയറക്ടറുടെ 19/03/2014-ലെ എം3-4019/2014 നമ്പർ കത്ത്.

**ഉത്തരവ്**

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 1997-98 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28 പ്രകാരം പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണ പദ്ധതിയിൽ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച 1,65,419/- രൂപയിൽ 1,21,130/- രൂപ ചെലവഴിച്ചത് കഴിച്ചുള്ള 44,289/- രൂപ നിരാകരിച്ചിരുന്നു. പിന്നീട് ലോക്കൽ ഫണ്ട് പുന:പരിശോധന നടത്തിയതിൽ നിരാകരണ തുകയായ 6289/- രൂപയും 1997-98-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 28 ( എ)യിൽ പരാമർശിക്കുന്ന തയ്യൽ മെഷീൻ വാങ്ങിയതിന് അധികമായി നൽകിയ ഇനത്തിൽ 19,343/- രൂപയും ഉൾപ്പെടെ ആകെ 25,632/- രൂപയും പലിശയും കൂടി 86,325/- രൂപ ടി ഗ്രാമപഞ്ചായത്ത് മുൻസെക്രട്ടറി ശ്രീ. സി. അലക്സാണ്ടറിൽ നിന്നും ഈടാക്കുവാൻ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചതനുസരിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവർ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. ടി നടപടികൾക്കെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ സമർപ്പിച്ച O.A No. 2706/13 നമ്പർ കേസിൽ, ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (2) അപ്പീൽ ഹർജി ടിയാനെ നേരിൽ കേട്ട് തീർപ്പാക്കുവാൻ ഒന്നാം എതിർ കക്ഷിയായ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്ക് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം 3 പ്രകാരം നിർദ്ദേശം നൽകുകയുണ്ടായി.

പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ 1998-99 വർഷകാലയളവിലെ ലോക്കൽ ഫണ്ട് ഓഡിറ്റിലെ ശുപാർശകൾ പ്രകാരം ടി കാലയളവിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന തന്നിൽ നിന്നും 86,325/- രൂപ ഈടാക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കളക്ടർ എന്നിവർ സ്വീകരിച്ച റവന്യൂ റിക്കവറി നടപടികൾ റദ്ദാക്കി നൽകണമെന്നതാണ് അപ്പീൽ ഹർജിയിലെ ആവശ്യം. അധികം ചെലവഴിച്ചു എന്ന് കണ്ടെത്തിയ തുക പഞ്ചായത്ത് കമ്മിറ്റിയിൽ നിന്ന് ഈടാക്കാനാണ് ലോക്കൽ ഫണ്ട് അഡിറ്റ് നിർദ്ദേശിച്ചിരുന്നത്. അതു പ്രകാരം പഞ്ചായത്ത് അംഗങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടി ആരംഭിക്കുകയും ഒരു അംഗം 2,413/- രൂപ അടക്കുകയും ചെയ്തിരുന്നു. അംഗങ്ങൾക്കെതിരെയുള്ള നടപടി ഒഴിവാക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് പഴയ ഭരണ സമിതി അംഗങ്ങൾ നിയമസഭാ സമിതിക്ക് പരാതി സമർപ്പിക്കുകയും തുക സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ നിയമസഭാ സമിതി ആവശ്യപ്പെടുകയും ചെയ്തു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ നിർദ്ദേശ പ്രകാരം സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ 23/04/2014-ൽ ശ്രീ. സി. അലക്സാണ്ടറിനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ടിയാൻ ചുവടെ ചേർക്കുന്ന വാദങ്ങൾ ബോധിപ്പിച്ചു

"ഞാൻ 30/12/97 മുതൽ 31/10/98 വരെ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു. 1998-99-ൽ തൊഴിൽ രഹിതരായ പട്ടികജാതി സ്ത്രീകൾക്ക് നൽകുന്നതിനായി 23 തയ്യൽ മെഷീൻ വാങ്ങുന്നതിന് ഒരു പ്രോജക്ട് നടപ്പിലാക്കിയിരുന്നു. തയ്യൽ മെഷീൻ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിച്ചിരുന്നു. അതനുസരിച്ച് ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത മാതൃൂസ് സെയിൽ കോർപ്പറേഷൻ ഇരിങ്ങാലക്കുട സമർപ്പിച്ച തയ്യൽ മെഷീൻ ഭരണസമിതി പരിശോധിക്കുകയും ഗുണനിലവാരമുള്ളതല്ലയെന്ന് കണ്ട് വാങ്ങേണ്ടയെന്ന് തീരുമാനിക്കുകയും ചെയ്തു. തൊട്ടടുത്ത നിരക്ക് ക്വോട്ടു ചെയ്തിരുന്ന കൃഷ്ണ ട്രേഡേഴ്സ് എന്ന സ്ഥാപനം സമർപ്പിച്ച തയ്യൽ മെഷീൻ ഗുണനിലവാരമുള്ളതാണെന്ന് കണ്ട് വാങ്ങാൻ തീരുമാനിക്കുകയും ചെയ്തു. കമ്മിറ്റി ഏകകണ്ഠമായി എടുത്ത തീരുമാനം നടപ്പിലാക്കുക മാത്രമാണ് സെക്രട്ടറി എന്ന നിലയിൽ ഞാൻ ചെയ്തത്. ആഡിറ്റ് ഇത് പരിശോധിക്കുകയും അധികം ചെലവ് ചെയ്ത തുക പഞ്ചായത്ത് കമ്മിറ്റിയിൽ നിന്നും ഈടാക്കാൻ ശുപാർശ ചെയ്യുകയും ചെയ്തതാണ്. ആഡിറ്റ് റിപ്പോർട്ട് പരിശോധിച്ച നിയമസഭാ സമിതിയിലേക്ക് എന്നെ വിളിക്കുകയോ എന്നെ കേൾക്കുകയോ ചെയ്തിട്ടില്ല. റവന്യൂ റിക്കവറി നോട്ടീസ് കിട്ടുമ്പോൾ മാത്രമാണ് എന്റെ പേരിൽ ബാദ്ധ്യത ഉള്ളതായി ഞാൻ അറിയുന്നത്.

1997-98-ൽ പിൻവലിച്ച 44,289/-രൂപയിൽ 37,998/- രൂപ കെട്ടിട നിർമ്മാണത്തിന് ഇഷ്ടിക വാങ്ങാൻ ചെലവായിട്ടുള്ളതാണ്. ബാക്കി 6,289/- രൂപ ജനകീയാസൂത്രണ ചെലവുകളുടെ ഉത്ഘാടന ചെലവിന് വിനിയോഗിച്ചിട്ടുള്ളതാണ്. പഞ്ചായത്തിന്റെ തുകയൊന്നും അനധികൃതമായി ചെലവഴിച്ചിട്ടില്ലാത്തതിനാൽ അവയുടെ ബാദ്ധ്യതയിൽ നിന്ന് എന്നെ ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു".

ശ്രീ. സി. അലക്സാണ്ടർ സമർപ്പിച്ച അപ്പീൽ ഹർജിയിലെ വാദങ്ങളും നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വാദങ്ങളും സർക്കാർ വിശദമായി പരിശോധിച്ചു. പഞ്ചായത്ത് കമ്മിറ്റിയെടുത്ത തീരുമാനം നടപ്പിലാക്കുക മാത്രമാണ് സെക്രട്ടറിയെന്ന നിലയിൽ ശ്രീ. സി അലക്സാണ്ടർ ചെയ്തത്. പ്ഞ്ചായത്ത് രാജ് ആക്ട് 182(111) അനുസരിച്ച് അപ്രകാരം പ്രവർത്തിക്കാൻ സെക്രട്ടറി ബാദ്ധ്യസ്ഥനാണ്. പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 182(III) അനുസരിച്ച് പഞ്ചായത്ത് പാസ്സാക്കിയ ഏതെങ്കിലും പ്രമേയം നിയമാനുസരണം പാസ്സാക്കിയതല്ലെന്നോ, ഈ ആക്ടോ മറ്റേതെങ്കിലും ആക്ടോ പ്രകാരം നൽകിയിട്ടുള്ള അധികാര സീമ ലംഘിച്ചതാണെന്നോ അല്ലെങ്കിൽ അത് നടപ്പാക്കിയാൽ മനുഷ്യജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടമാകാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിയ്ക്ക് അഭിപ്രായമുള്ള പക്ഷം ടി പഞ്ചായത്ത് തീരുമാനം പുന:പരിശോധിക്കുവാൻ പഞ്ചായത്തിനോട് തന്നെ ആവശ്യപ്പെടേണ്ടതും ആവശ്യം അംഗീകരിക്കുന്നില്ലായെങ്കിൽ സർക്കാരിന് റഫർ

ചെയ്യേണ്ടതുമാണ്. മുകളിൽ രേഖപ്പെടുത്തിയ കാരണങ്ങൾ കൊണ്ട് കുറഞ്ഞ ക്വട്ടേഷൻ നിരസിച്ച് മറ്റൊരു ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം മുകളിൽപ്പറഞ്ഞ രീതിയിലുള്ള തീരുമാനമാണെന്ന് പഞ്ചായത്ത് സെക്രട്ടറി കരുതിയിട്ടുണ്ടാവില്ല. നാട്ടിൽ കൂടുതൽ പ്രചാരമുള്ള തയ്യൽ മെഷീൻ ആയതുകൊണ്ട് കൂടിയാണ് പരാമർശവിധേയമായ മെഷീൻ വാങ്ങുവാൻ തീരുമാനമെടുത്തതെന്ന് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തയ്യൽ മെഷീൻ വാങ്ങാൻ അധിക തുക ചെലവഴിച്ചുവെന്ന ആരോപണത്തിൽ നിന്നും ശ്രീ സി. അലക്സാണ്ടറെ ഒഴിവാക്കേണ്ടതായി കാണുന്നു. എന്നാൽ കെട്ടിട നിർമ്മാണത്തിന് പിൻവലിച്ച ഇനത്തിൽ ഓഡിറ്റ് നിരാകരിച്ച 6,289/- രൂപ ജനകീയ ആസൂത്രണ പരിപാടികളുടെ ഉദ്ഘാടനത്തിന് ചെലവഴിച്ചതാണെന്ന ടിയാന്റെ വാദം സാധൂകരിക്കുന്നതിന് പര്യാപ്തമായ തെളിവുകളൊന്നും സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആയത് ഒഴിവാക്കേണ്ടതായി കാണുന്നില്ല.

ഈ സാഹചര്യത്തിൽ തയ്യൽ മെഷീൻ വാങ്ങിയതിന് അധികമായി നൽകിയ ഇനത്തിൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി, ശ്രീ. സി. അലക്സാണ്ടറിന്മേൽ ബാദ്ധ്യതയായി ചുമത്തപ്പെട്ട തുക ഒടുക്കുന്നതിൽ നിന്നും ടിയാനെ ഒഴിവാക്കിയും, കെട്ടിട നിർമ്മാണത്തിന് പിൻവലിച്ച ഇനത്തിൽ ഓഡിറ്റ് നിരാകരിച്ച 6,289/- രൂപയും ആയതിന് 01/06/1998 വർഷം മുതലുള്ള പലിശയും ടിയാനിൽ നിന്ന് ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു. ടിയാൻ സർക്കാർ മുമ്പാകെ സമർപ്പിച്ച പരാമർശം (2) അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) വിധിന്യായത്തിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രാജൻ ഖോബ്രാഗഡെ,
ഗവൺമെന്റ് സെക്രട്ടറി

സെക്രട്ടറി, കേരള നിയമസഭ, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
(ആമുഖ കത്തു സഹിതം)
കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, തിരുവനന്തപുരം "
അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം "
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്, എറണാകുളം
അലക്സാണ്ടർ.സി, മുൻ സെക്രട്ടറി, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് (ചെമ്മലശ്ശേരി ഹൗസ്, പി.ഒ. പുത്തൂക്ക, പുത്തൻ കുരിശ് വഴി, എറണാകുളം ജില്ല)
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ